## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2182** **13.06.2019 - ൽ മറുപടിക്ക്.**

## റേഷൻ കടകളിലെ ഇ-പോസ് മെഷീനുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും സംസ്ഥാനത്തൊട്ടാകെ എത്ര ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | **(എ)** | സംസ്ഥാനമൊട്ടാകെയുള്ള 14296 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിവരുന്നു. |
| **(ബി)** | ഇ-പോസ് മെഷീനുകളുടെ കൃത്യതയില്ലായ്മ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എത്ര ഇ-പോസ് മെഷീനുകളാണ് ശരിയായി പ്രവർത്തിക്കാത്തത് എന്ന് അറിയിക്കാമോ; | **(ബി)** | ഇ-പോസ് മെഷീനുകൾക്ക് തകരാർ വരുന്ന മുറയ്ക്ക് മെഷീൻ നന്നാക്കി നൽകുകയോ പകരം മെഷീൻ നൽകുകയോ ചെയ്യുന്നുണ്ട്. നെറ്റ്‌വർക്ക് പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇ-പോസ് മെഷീനുകൾ ശരിയായി പ്രവർത്തിക്കാത്ത സമയങ്ങളിൽ മാനുവലായി റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യതയില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **(സി)** | നിശ്ചിത കാലയളവിൽ കേടാവുന്ന ഇ-പോസ് മെഷീനുകൾ അവ സപ്ലൈ ചെയ്യുന്ന കമ്പനികൾ തന്നെ സൗജന്യമായി പ്രവർത്തനക്ഷമമാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | **(സി)** | ഉണ്ട്. താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരുടെ സേവനം ഉറപ്പ് വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**